**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:990** 28.04.2017 ൽ മറുപടിയ്ക്ക്

**റവന്യൂ ഉദ്യോഗസ്ഥരുടെ ഔദ്യോഗികകൃത്യ നിർവ്വഹണം തടസ്സപ്പെടുത്തിയതിന് കേസ്**

**ചോദ്യം**

**ശ്രീ.പാറക്കൽ അബ്ദുല്ല**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ദേവികുളത്ത് സർക്കാർ ഭൂമി കയ്യേറിയത് ഒഴിപ്പിക്കാനെത്തിയ റവന്യൂ ഉദ്യോഗസ്ഥരേയും ഭൂസംരക്ഷണസേനാ അംഗങ്ങളെയും ചിലർ മർദ്ദിക്കുകയും കയ്യേറ്റം ചെയ്യുകയും ചെയ്തതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) & (സി)<br>ദേവികുളം താലൂക്ക് ഓഫീസിന് എതിർവശം, റവന്യൂ കോർട്ടേഴ്സിൽ താമസിച്ചുവരുന്നതും, ആരോഗ്യവകുപ്പിൽ നിന്നും വിരമിച്ച മണി എന്നയാൾ ടി കോർട്ടേഴ്സിന് സമീപം സർക്കാർ ഭൂമി കയ്യേറി, ഷെഡ് നിർമ്മിച്ചതിനെ തുടർന്ന് 12/04/2017 തീയതി ആയത് ഒഴിപ്പിക്കാൻ റവന്യൂ ഉദ്യോഗസ്ഥർ എത്തിയ സമയം ഒരു കൂട്ടം ആളുകൾ തടയുകയും, ഭൂ-സംരക്ഷണസേന അംഗങ്ങളുമായി വാക്കുതർക്കപ്പെടുകയും, സേനാംഗമായ ലിസൺനെ കയ്യേറ്റം ചെയ്തിട്ടുള്ളതുമാണ്. ഈ സമയം ഭൂ-സംരക്ഷണസേനാ അംഗങ്ങളുടെ കൂടെ പോലീസ് ഉദ്യോഗസ്ഥർ ആരും തന്നെ ഡ്യൂട്ടിക്കുണ്ടായിരുന്നില്ല.<br>കൂടുതൽ പോലീസ് എത്തിയമുറയ്ക്ക് ഭൂ-സംരക്ഷണസേന പ്രവർത്തകരെ കയ്യേറ്റം ചെയ്ത പഞ്ചായത്ത് അംഗം സുരേഷ് കുമാറിനെ അറസ്റ്റ് ചെയ്ത് നീക്കിയിട്ടുള്ളതും, കയ്യേറി നിർമ്മിച്ച ഷെഡ് പൊളിച്ച് നീക്കിയിട്ടുള്ളതും, സബ് കളക്ടറുടെ നിർദ്ദേശ പ്രകാരം അറസ്റ്റ് ചെയ്തവരെ വിട്ടയച്ചിട്ടുള്ളതുമാണ്. |
| (ബി) | റവന്യൂ ഉദ്യോഗസ്ഥരുടെ ഔദ്യോഗികകൃത്യ നിർവ്വഹണം തടസ്സപ്പെടുത്തിയതിന് അവിടെ എത്രപേർക്കെതിരെ കേസെടുത്തിട്ടുണ്ട്; | |
| (സി) | ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കുറ്റക്കാർക്കെതിരെ കേസെടുത്തിട്ടുള്ളത്;എത്രപേരെ ഈ കേസുമായി ബന്ധപ്പെട്ട് ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്? | |

സെക്ഷൻ ഓഫീസർ